വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

# വെളിച്ചം റമദാൻ 2023

## വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

### വെളിച്ചം റമദാൻ – ഡേ 12 (റമളാൻ 13)

### സൂറത്തുൽ ഫത്ത്ഹ്

### ആയത്ത് 27 മുതൽ 29 വരെ

GET IT ON Google Play
Velicham Online

velichamonline.islahiweb.org
velichamsaudionline.com


സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

## വിഭാഗം- 4

لَّقَدْ صَدَقَ ٱللَّهُ رَسُولَهُ ٱلرُّءْيَا بِٱلْحَقِّ ۖ لَتَدْخُلُنَّ ٱلْمَسْجِدَ ٱلْحَرَامَ إِن شَآءَ ٱللَّهُ ءَامِنِينَ مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا تَخَافُونَ ۖ فَعَلِمَ مَا لَمْ تَعْلَمُوا۟ فَجَعَلَ مِن دُونِ ذَٰلِكَ فَتْحًا قَرِيبًا ﴿٢٧﴾

﴿27﴾ തീർച്ചയായും, അല്ലാഹു അവന്റെ റസൂലിന് സ്വപ്നം യഥാർത്ഥപ്രകാരം സത്യമാക്കിയിരിക്കുന്നു; (അതായത്:) അല്ലാഹു ഉദ്ദേശിച്ചാൽ നിശ്ചയമായും മസ്ജിദുൽ ഹറാമിൽ [അലംഘനീയമായ പള്ളിയിൽ] നിങ്ങൾ നിർഭയരായ നിലയിൽ- നിങ്ങളുടെ തലമുടി കളഞ്ഞവരും വെട്ടിയവരുമായിക്കൊണ്ട്- പ്രവേശിക്കുന്നതാണ്, നിങ്ങൾ പേടിക്കേണ്ടി വരികയില്ല. (ഇതാണ് സ്വപ്നം.) എന്നാൽ, നിങ്ങൾക്കറിയാത്ത (ചില)ത് അവൻ [അല്ലാഹു] അറിഞ്ഞിരിക്കുന്നു. അങ്ങനെ, അതിന് പുറമെ ഒരു സമീപമായ വിജയം അവൻ ഉണ്ടാക്കി.

---

﴿27﴾ لَّقَدْ صَدَقَ തീർച്ചയായും സത്യമാക്കിയിരിക്കുന്നു ٱللَّهُ അല്ലാഹു رَسُولَهُ തന്റെ റസൂലിന്, റസൂലിനോട് ٱلرُّءْيَا സ്വപ്നം بِٱلْحَقِّ യഥാർത്ഥപ്രകാരം (ന്യായമായവിധം) لَتَدْخُلُنَّ നിശ്ചയമായും നിങ്ങൾ പ്രവേശിക്കും (എന്ന്) ٱلْمَسْجِدَ ٱلْحَرَامَ മസ്ജിദുൽ ഹറാമിൽ إِن شَآءَ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചാൽ ءَامِنِينَ നിർഭയരായ നിലയിൽ (സമാധാനപൂർവ്വം) مُحَلِّقِينَ (മുടി) കളഞ്ഞ (വരണ്ടിയ) വരായി رُءُوسَكُمْ നിങ്ങളുടെ തല(മുടി)കളെ وَمُقَصِّرِينَ വെട്ടിയവരായും لَا تَخَافُونَ നിങ്ങൾ പേടിക്കാത്ത നിലയിൽ, പേടിക്കുക (പേടിക്കേണ്ടി വരിക)യില്ല فَعَلِمَ എന്നാൽ അവൻ അറിഞ്ഞിരിക്കുന്നു مَا യാതൊന്ന്, ചിലകാര്യം لَمْ تَعْلَمُوا۟ നിങ്ങൾക്കറിയാത്ത فَجَعَلَ അങ്ങനെ അവൻ ഉണ്ടാക്കി, ഏർപ്പെടുത്തി مِن دُونِ ذَٰلِكَ അതിന് പുറമെ, അതു കൂടാതെ فَتْحًا ഒരു വിജയം قَرِيبًا അടുത്ത, ആസന്നമായ

ഹജ്ജിനും ഉംറഃക്കും പ്രവേശിക്കുന്നതോടെ തലമുടി എടുക്കുവാൻ പാടില്ലാതായിത്തീരുന്നു. പിന്നീട് ആ കർമങ്ങൾ അവസാനിക്കുന്നതോടുകൂടി തലമുടി വടിക്കുകയോ വെട്ടുകയോ ചെയ്യൽ നിർബന്ധവുമാകുന്നു. (തലമുടി മുഴുവൻ കളയുകയാണ് കൂടുതൽ നല്ലതെന്ന് നബി വചനങ്ങളിൽനിന്നും മനസ്സിലാക്കാം.) ഇങ്ങനെ- പതിവുപ്രകാരം- ചിലർ മുടികളഞ്ഞവരും, മറ്റ് ചിലർ മുടി വെട്ടിയവരുമായിക്കൊണ്ട് സമാധാനപൂർവ്വം സത്യവിശ്വാസികൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതായിരുന്നു നബി ﷺ സ്വപ്നം കണ്ടത്.

പ്രസ്തുത സ്വപ്നം യഥാർത്ഥം തന്നെയാണെന്നും, അത് തികച്ചും സാക്ഷാൽക്കരിക്കപ്പെടുന്നതാണെന്നും അല്ലാഹു ഈ വചനത്തിൽ അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അക്കൊല്ലത്തിൽ തന്നെ സ്വപ്നം സാക്ഷാൽകൃതമാകാത്തതിൽ പലർക്കും സംശയം തോന്നുകയുണ്ടായെങ്കിലും- അബൂബക്ർ (റ) ഉമർ (റ)നെ ഓർമിപ്പിച്ചതുപോലെ- ആ വരവിൽ തന്നെ സ്വപ്നം പുലരുമെന്ന് അറിയിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. ആ പ്രാവശ്യത്തെ വരവിൽ ഉംറഃ നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നതിൽനിന്നാണല്ലോ അപ്രതീക്ഷിതമായി ലഭിച്ച വിജയങ്ങളുടെ വിജയം (فتح الفتوح)- അതെ, ഹുദൈബിയ്യാ സന്ധി- ഉണ്ടായിത്തീർന്നത്. സ്വപ്നം മുഖേന അല്ലാഹു നടപ്പിലാക്കുവാൻ ഉദ്ദേശിച്ച- അല്ലാഹുവിനുമാത്രം അറിയാവുന്ന- ഒരു രഹസ്യമായിരുന്നു അതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. സന്ധിയിലെ നിശ്ചയപ്രകാരം അടുത്ത കൊല്ലം അത് സമാധാനപൂർവ്വം സാക്ഷാൽകരിക്കപ്പെടുകയും ചെയ്തു. ഈ പ്രാവശ്യം നബിﷺയും സ്വഹാബികളും മക്കഃയിൽ പ്രവേശിച്ചപ്പോൾ, ക്വുറൈശി നേതാക്കൾക്ക് ആ കാഴ്ച കണ്ടു സഹിക്കുവാൻ കഴിയാതെ അവർ സ്ഥലം വിട്ടു വെളിയിൽ പോയിരുന്നു. സാധാരണക്കാരും, സ്ത്രീകളും, കുട്ടികളുമെല്ലാം തങ്ങളുടെ വീടുകളിലിരുന്നു അത് നോക്കിക്കാണുകയും ചെയ്തു.

നബിﷺയുടെ സ്വപ്നം വിവരിച്ചപ്പോൾ അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കും (لتدخلنّ المسجد الحرام ان شاء الله) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ മാത്രമേ ഏതൊരു കാര്യവും സംഭവിക്കുകയുള്ളൂ. അതുകൊണ്ട് വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഉറച്ചു പറയുമ്പോഴൊക്കെ ان شاء الله (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് കൂടി ചേർത്ത് പറയേണ്ടതുണ്ട് എന്ന് ഇത് കാണിക്കുന്നു. ഈ വിഷയം സൂ: അൽകഹ്ഫ് 23, 24 ൽ വ്യക്തമായിത്തന്നെ അല്ലാഹു പ്രസ്താവിച്ചതാണ്. അല്ലാഹുവിന്റെ വാഗ്ദാനം പാലിക്കുന്നതിനും, അവൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നതിനും അവന് യാതൊരു തടസ്സവും നേരിടുവാനില്ലെന്ന് തീർച്ചയാണ്. എന്നിട്ട് പോലും, ആ വാഗ്ദാനം വിവരിച്ചപ്പോൾ അല്ലാഹു ഉദ്ദേശിച്ചെങ്കിൽഎന്ന് പറഞ്ഞതിൽനിന്ന് മനുഷ്യഹൃദയങ്ങളിൽ അല്ലാഹുവിന്റെ ഉദ്ദേശത്തെക്കുറിച്ചുള്ള ബോധവും വിശ്വാസവും എത്രത്തോളം വേരൂന്നിയിരിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. ആ വിശ്വാസവും, ബോധവും മനുഷ്യന് അപ്രതീക്ഷിതമായ

പല നേട്ടങ്ങൾക്കും കാരണമായിത്തീരുന്നതുമാകുന്നു. സംശയമില്ല.

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٢٨﴾

**﴾28﴿ അവനത്രെ, സൻമാർഗവും, യഥാർത്ഥമതവുമായി തന്റെ റസൂലിനെ അയച്ചവൻ, എല്ലാ മതങ്ങളെക്കാളും അതിനെ (മേലെയാക്കി) പ്രത്യക്ഷപ്പെടുത്തുവാൻവേണ്ടി. അല്ലാഹു തന്നെ മതി, സാക്ഷിയായിട്ട്!**

---

﴾28﴿ هُوَ ٱلَّذِىٓ അവനത്രെ യാതൊരുവൻ أَرْسَلَ അയച്ച رَسُولَهُۥ തന്റെ റസൂലിനെ بِٱلْهُدَىٰ സൻമാർഗ (നേർമാർഗ)വുമായി وَدِينِ ٱلْحَقِّ യഥാർത്ഥ (സത്യ)മതവും لِيُظْهِرَهُۥ അതിനെ പ്രത്യക്ഷപ്പെടുത്തുവാൻ, വിജയിപ്പിക്കുവാൻ, മേലെയാക്കുവാൻ عَلَى ٱلدِّينِ മതത്തെക്കാൾ كُلِّهِۦ എല്ലാ (മതത്തെക്കാളും) وَكَفَىٰ മതി بِٱللَّهِ അല്ലാഹു (തന്നെ) شَهِيدًا സാക്ഷിയായിട്ട്

---

നബി തിരുമേനിﷺയുടെ ദൗത്യോദ്ദേശ്യം വിവരിക്കുന്നതോടൊപ്പം തന്നെ, ഇതിനുമുമ്പ് വിവരിച്ചത്പോലെയുള്ള വമ്പിച്ച സഹായങ്ങളും വിജയങ്ങളും നബിﷺക്ക് ലഭിക്കുവാനുള്ള കാരണമെന്താണെന്നും ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. മാത്രമല്ല, മേലിലും വമ്പിച്ച സഹായങ്ങൾ ലഭിക്കുവാനിരിക്കുന്നുണ്ടെന്നും, ഇസ്‌ലാമാകുന്ന യഥാർത്ഥ മതത്തിന് ലോകത്ത് പ്രചാരവും പ്രശസ്തിയും ലഭിക്കുമെന്നുമുള്ള വാഗ്ദാനവും ഇതിൽ അടങ്ങിയിരിക്കുന്നു.

നബി തിരുമേനിﷺ സ്വയം ഒരു റസൂലായി ചമഞ്ഞിരിക്കുകയല്ല, അല്ലാഹു അവന്റെ സ്വന്തം ദൂതനായി നിയോഗിച്ചതാണ്. എന്നിരിക്കെ, അല്ലാഹുവിന്റെ സ്നേഹാദരവും സഹായവും നബിﷺക്ക് ഉണ്ടാവാതിരിക്കുകയില്ല. എന്നിങ്ങനെയുള്ള ചില സൂചനകൾ هو الذي أرسل رسوله (അവനത്രെ അവന്റെ റസൂലിനെ അയച്ചവൻ) എന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്നു. ക്വുർആൻ മുഖേനയും, മറ്റു തെളിവുകൾ മുഖാന്തരവും നബിﷺ ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന മാർഗദർശനങ്ങളും, തത്വോപദേശങ്ങളും بالهدى (സൻമാർഗവുമായി) എന്ന വാക്കിൽ ഉൾപ്പെടുന്നു. ഈ സൻമാർഗ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രായോഗിക നടപടിക്രമങ്ങളാണ്– അഥവാ നിയമവ്യവസ്ഥയാണ്– ودين الحق (സത്യമതവും) എന്ന വാക്ക് കൊണ്ടുദ്ദേശ്യം.

ليظهره على الدين كله (എല്ലാ മതത്തെക്കാളും ആ മതത്തെ മേലെയാക്കി പ്രത്യക്ഷപ്പെടുത്തുവാൻവേണ്ടി) എന്ന ലക്ഷ്യം സാക്ഷാൽകൃതമാകുന്നത് പല മാർഗങ്ങളിലൂടെയായിരിക്കാം.

1) മൗലികതത്വങ്ങളും, സൻമാർഗികമൂല്യങ്ങളും ഒന്നായതോടൊപ്പംതന്നെ, കാലദേശസാഹചര്യങ്ങൾക്കനുസരിച്ച് മുൻവേദങ്ങളിൽ അംഗീകരിക്കപ്പെട്ടുവന്നിരുന്ന ശാഖാപരവും കാലികവുമായി നടപടിമാർഗങ്ങളെദുർബ്ബലപ്പെടുത്തുക. പകരം സാർവ്വത്രികവും, സാർവ്വജനീനവുമായ ഒരു നിയമസംഹിത സുസ്ഥാപിതമാകുക.

2) ദൈവികമല്ലാത്ത മതാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, അനാചാര ദുരാചാരങ്ങൾ ആദിയായവ നിർമാർജ്ജനം ചെയ്യുന്നതിനും സദാചാരമൂല്യങ്ങളും പരിപൂർണമായിരിക്കുക.

3) പ്രമാണങ്ങൾ സുരക്ഷിതമായി അവശേഷിക്കുക.

4) സ്വൈരവിഹാരം കൊള്ളുവാനും, പ്രചാരണം സാധ്യമാകുവാനും വേണ്ടുന്ന ശക്തിയും, പ്രതാപവും സംസിദ്ധമാകുക. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഈ ഉപാധികളെല്ലാം അല്ലാഹു പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

ചിരകാലമായി, ഒടുവിൽ പ്രസ്താവിച്ച വിഷയത്തിൽ- പ്രതാപത്തിന്റെയും യശസ്സിന്റെയും കാര്യത്തിൽ- മുസ്‌ലിം സമുദായം വളരെ ദയനീയാവസ്ഥയിലേക്ക് അധഃപതിച്ചുപോയിരിക്കയാണെന്ന പരമാർത്ഥം നാം മറക്കുന്നില്ല. ഇതിനുത്തരവാദി അല്ലാഹുവല്ല, ഇസ്‌ലാമുമല്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള ഒരു ന്യൂനതയുമല്ല. നേരെമറിച്ച് മുസ്‌ലിം സമുദായംതന്നെ ആദ്യത്തെ രണ്ട്മൂന്ന് നൂറ്റാണ്ടുകൾക്ക്ശേഷം, തങ്ങളുടെമേൽ വരുത്തിവെച്ചതും, പിന്നീടുള്ള തലമുറകൾ വ്യാസം വർദ്ധിപ്പിച്ചുകൊണ്ടേ വന്നതുമായ ഒരു മഹാവിനയാണത്. (സൂ: അൻബിയാഉ് 105, സൂ: നൂർ 55 മുതലായവയും അവയുടെ വ്യാഖ്യാനങ്ങളും നോക്കുക. കൂടുതൽ വിവരം അവിടങ്ങളിൽ കാണാം.) ഏതായാലും, ഒരു കാര്യം തീർത്തുപറയാം. മുസ്‌ലിം സമുദായത്തിന്റെ യശസ്സും പ്രതാപവും എത്രതന്നെ അധഃപതിച്ചിട്ടുണ്ടെങ്കിലും ശരി, പ്രമാണങ്ങളുടെയും ലക്ഷ്യങ്ങളുടയെും, വ്യക്തതയിലും, അവയുടെ പരിപൂർണതയിലും മറ്റേത് മതത്തെക്കാളും ഉന്നതസ്ഥാനം ഇസ്‌ലാമിനാണ് -അന്നും, ഇന്നും, എന്നും ഉള്ളതെന്ന് അതിന്റെ ശത്രുക്കൾപോലും സമ്മതിക്കുന്ന ഒരു പരമാർത്ഥമത്രെ. ഇത്രയും പറഞ്ഞതിൽനിന്നും അല്ലാഹു അവന്റെ വാഗ്ദാനം പൂർത്തിയാക്കാതിരുന്നിട്ടില്ലെന്ന് സ്പഷ്ടമാണല്ലോ. ആ വാഗ്ദാനം പാലിക്കുമെന്ന് പറഞ്ഞപ്പോൾ, അതിന് ഏക സാക്ഷിയായി അല്ലാഹു തന്നെ മതി എന്ന് അല്ലാഹു ഓർമിപ്പിക്കുന്നു. വാഗ്ദാനം അവൻ പാലി

ച്ചുകഴിഞ്ഞുവെന്നുള്ളതിനും അവൻതന്നെ മതി സാക്ഷിയായിട്ട്. (وكفى بالله شهيدا)

ശരി, നബിﷺയെ അല്ലാഹു അയച്ചതാണെന്നും, അവിടുന്ന് അയക്കപ്പെട്ടിരിക്കുന്നത് നേർമാർഗവും, യഥാർത്ഥ മതവും കൊണ്ടാണെന്നും, മറ്റെല്ലാ മതത്തെക്കാളും അതിനെ വിജയിപ്പിക്കുവാൻ വേണ്ടിയാണ് അവിടുത്തെ അല്ലാഹു അയച്ചിരിക്കുന്നതെന്നും പറയുമ്പോൾ, അക്കാര്യം പരിപൂർണമായും പ്രായോഗികമാകുമെന്ന് ഉറപ്പിച്ചുകൊണ്ടുതന്നെ സത്യവിശ്വാസികൾക്ക് ആവേശപൂർവ്വം മുന്നോട്ട് നീങ്ങാമല്ലോ. ഈ മഹത്തായ വാഗ്ദാനം അവരുടെ കൈക്ക് നിറവേറ്റുകയെന്ന മഹാഭാഗ്യം ലഭിക്കുമാറ് അതിനാസ്പദമായ ചില സവിശേഷഗുണങ്ങൾ അവരിൽ ഉണ്ടായിരിക്കേണ്ടതുണ്ടെന്ന് വ്യക്തമാണ്. പ്രസ്തുതഗുണങ്ങൾ തികഞ്ഞവർ തന്നെയാണ് നബിﷺയുടെ- ഒന്നിച്ചുള്ള സ്വഹാബികളും. അടുത്ത വചനത്തിൽ അല്ലാഹു അവർക്ക് നൽകുന്ന സാക്ഷ്യപത്രം നോക്കുക. സ്വഹാബികളുടെ സവിശേഷതകളും, അല്ലാഹുവിങ്കൽ അവർക്കുള്ള ബഹുമാനവും മനസ്സിലാക്കുവാൻ ഈ ഒരേ ഒരു സാക്ഷ്യപത്രം തന്നെ മതിയാകും:

مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ
أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ۖ
تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا
مِّنَ ٱللَّهِ وَرِضْوَٰنًا ۖ سِيمَاهُمْ فِى
وُجُوهِهِم مِّنْ أَثَرِ ٱلسُّجُودِ

ذَٰلِكَ مَثَلُهُمْ فِى ٱلتَّوْرَىٰةِ ۚ وَمَثَلُهُمْ فِى
ٱلْإِنجِيلِ

**﴿29﴾ മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. [ദൂതനാണ്.] അദ്ദേഹത്തിന്റെ കൂടെയുള്ളവരാകട്ടെ, അവിശ്വാസികളുടെമേൽ കഠിനൻമാരാണ്. തങ്ങൾക്കിടയിൽ ദയാലുക്കളാണ്. റുകൂഉം, സുജൂദും ചെയ്തു [കുമ്പിട്ടും, സാഷ്ടാംഗം ചെയ്തും നമസ്കാരം നിർവ്വഹിച്ചു] കൊണ്ടിരിക്കുന്നവരായി അവരെ നിനക്ക് കാണാം. അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും (അഥവാ ദയയും) പ്രീതിയും അവർ തേടിക്കൊണ്ടിരിക്കുന്നു. സുജൂദിന്റെ [സാഷ്ടാംഗ നമസ്കാരത്തിന്റെ] ഫലമായി അവരുടെ അടയാളം [പ്രത്യേകത] അവരുടെ മുഖങ്ങളിലുണ്ട്.**

**തൗറാത്തിൽ (വർണിച്ച) അവരുടെ ഉപമയാണത്. അവരുടെ ഉപമ ഇൻജീലിലും ഉണ്ട്;**

كَزَرۡعٍ أَخۡرَجَ شَطۡـَٔهُۥ فَـَٔازَرَهُۥ فَٱسۡتَغۡلَظَ فَٱسۡتَوَىٰ عَلَىٰ سُوقِهِۦ يُعۡجِبُ ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلۡكُفَّارَ

(അതായത്) ഒരു വിളപോലെ: അത് അതിന്റെ കൂമ്പ് പുറപ്പെടുവിച്ച് [വിത്തിൽനിന്ന് സൂചിമുള പുറത്തു വന്നു]; എന്നിട്ട് അതിനെ (ചിനച്ചു) പുഷ്ടിപ്പെടുത്തി; അങ്ങനെ അത് (ത ടിച്ചു) കട്ടികൂടി; എന്നിട്ട് കൃഷിക്കാരെ ആശ്ചര്യപ്പെടുത്തുമാറ് അതിന്റെ തണ്ടുകളിൽ അത് (സ്വയം) ശരിപ്പെ ട്ടുനിന്നു. അവിശ്വാസികൾക്ക് അവർമൂലം കോപം പിടിപ്പിക്കുവാൻ വേണ്ടിയാണ് (ഇങ്ങനെ ഉപമിച്ചത്, അഥവാ ഇപ്രകാരം വളർത്തിക്കൊണ്ടു വന്നത്).

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ مِنۡهُم مَّغۡفِرَةٗ وَأَجۡرًا عَظِيمَۢا ﴿٢٩﴾

അവരിൽ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചന വും, മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

---

﴿29﴾ مُّحَمَّدٞ മുഹമ്മദ് رَّسُولُ ٱللَّهِ അല്ലാഹുവിന്റെ ദൂതനാണ് وَٱلَّذِينَ مَعَهُۥٓ അദ്ദേഹ
ത്തിന്റെ കൂടെയുള്ളവർ أَشِدَّآءُ കഠിനൻമാരാണ്, ഊക്കൻമാരാണ് عَلَى ٱلۡكُفَّارِ അവി
ശ്വാസികളുടെമേൽ رُحَمَآءُ ദയാലുക്കളാണ്, കൃപയുള്ളവരാണ് بَيۡنَهُمۡۖ തങ്ങൾക്കിട
യിൽ, തമ്മിൽ تَرَىٰهُمۡ നിനക്കവരെ കാണാം, നീ അവരെ കാണും رُكَّعٗا റുകൂഉ്
ചെയ്യുന്നവരായി سُجَّدٗا സുജൂദ് ചെയ്യുന്നവരായി يَبۡتَغُونَ അവർ തേടിക്കൊണ്ടിരി
ക്കും, അന്വേഷിക്കുന്നു فَضۡلٗا അനുഗ്രഹം, ദയവ്, ദാക്ഷിണ്യം مِّنَ ٱللَّهِ അല്ലാഹു
വിൽനിന്നു وَرِضۡوَٰنٗاۖ പ്രീതിയും, പൊരുത്തപ്പാടും سِيمَاهُمۡ അവരുടെ അടയാളം,
ലക്ഷണം, പ്രത്യേകത فِي وُجُوهِهِم അവരുടെ മുഖങ്ങളിലുണ്ട് مِّنۡ أَثَرِ ٱلسُّجُودِۚ സുജൂ
ദിന്റെ ഫലമായി, പാടുനിമിത്തം ذَٰلِكَ അത് مَثَلُهُمۡ അവരുടെ ഉപമയാണ് فِي ٱلتَّوۡرَىٰةِۚ
തൗറാത്തിൽ وَمَثَلُهُمۡ അവരുടെ ഉപമ فِي ٱلۡإِنجِيلِ ഇൻജീലിലുമുണ്ട് كَزَرۡعٍ അതായത്
ഒരു വിളപോലെ, വിളപോലെയാണ് أَخۡرَجَ അത് പുറത്തുകാട്ടി, വെളിപ്പെടുത്തി
شَطۡـَٔهُۥ അതിന്റെ കൂമ്പ്, സൂചിമുള فَـَٔازَرَهُۥ എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി, പോഷി
പ്പിച്ചു فَٱسۡتَغۡلَظَ എന്നിട്ടത് കട്ടികൂടി, തടിച്ചുവന്നു فَٱسۡتَوَىٰ എന്നിട്ടത് ശരിക്ക് നിന്നു,

ശരിയായി വന്നു عَلَىٰ سُوقِهِۦ അതിന്റെ തണ്ടുകളിൽ, തടിമരങ്ങളിൽ يُعۡجِبُ ആശ്ച ര്യപ്പെടുത്തുമാറ്, അതിശയിപ്പിച്ചുകൊണ്ട് ٱلزُّرَّاعَ കൃഷിക്കാരെ വേണ്ടിയാണ് لِيَغِيظَ ദേഷ്യം പിടിപ്പിക്കുവാൻ,കോപിപ്പിക്കുവാൻ വേണ്ടിയാണ് بِهِمُ അവർ മൂലം അവ രെക്കൊണ്ട് ٱلۡكُفَّارَ അവിശ്വാസികളെ وَعَدَ ٱللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരി ക്കുന്നു ٱلَّذِينَ ءَامَنُواْവിശ്വസിച്ചവരോട് وَعَمِلُواْ ٱلصَّٰلِحَٰتِ സൽക്കർമങ്ങൾ പ്രവർത്തി ക്കയും ചെയ്ത مِنۡهُم അവരിൽനിന്ന്, അവരാകുന്ന مَّغۡفِرَةً പാപമോചനം, പൊറുതി وَأَجۡرًا عَظِيمًا മഹത്തായ പ്രതിഫലവും, കൂലിയും

---

കഴിഞ്ഞ ആയത്തിലെ ആശയങ്ങളുടെ രത്നച്ചുരുക്കത്തോടുകൂടിയ ഒരാ വർത്തനമാണ് ഈ വചനത്തിലെ ആദ്യ വാക്യം. محمد رسول الله (മുഹമ്മദ് അല്ലാ ഹുവിന്റെ റസൂലാകുന്നു) അതെ, സത്യനിഷേധികൾ നിഷേധിച്ചാലും ശരി, അസൂ യക്കാർ വെറുത്താലും ശരി, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണ്. സത്യാന്വേ ഷികൾ ചിന്തിക്കട്ടെ, സത്യവിശ്വാസികൾ ഉറപ്പിച്ചുകൊള്ളട്ടെ, മുഹമ്മദ് അല്ലാ ഹുവിന്റെ റസൂലാണ്. റസൂലിന് വേണ്ടുന്ന ഗുണങ്ങളെല്ലാം അദ്ദേഹത്തിലുണ്ട്. അദ്ദേഹത്തിന് വേണ്ടുന്ന സഹായങ്ങളും രക്ഷയും അല്ലാഹു നൽകുകയും ചെയ്യും. ഇന്നല്ലെങ്കിൽ നാളെ, ഈ മുശ്രിക്കുകൾ അത് സമ്മതിക്കേണ്ടതായും വരും. അതാ, ഹുദൈബിയാ സന്ധിപത്രം എഴുതിയപ്പോൾ, 'അല്ലാഹുവിന്റെ റസൂ ലായ മുഹമ്മദും ക്വുറൈശികളും തമ്മിൽ നടന്ന സന്ധിവ്യവസ്ഥ' എന്നെഴുതു വാൻ സമ്മതിക്കാതെ ശഠിച്ചു നിൽക്കുകയും, 'അബ്ദുല്ലാ മകൻ മുഹമ്മദും' .......... എന്നുതന്നെ ചേർക്കുവാൻ വാശിപിടിക്കുകയും ചെയ്ത അതേ മുശ്രിക്കുകൾ ഏറെത്താമസിയാതെ ആ വാക്യം തങ്ങളുടെ മുദ്രാവാക്യമായി അംഗീകരിച്ചു.

എനി, അദ്ദേഹത്തിന്റെ അനുയായികളുടെ സ്ഥിതിയോ? ഗുരുവിനൊത്ത ശിഷ്യൻമാരും, നേതാവിനൊത്ത നീതൻമാരും! സത്യനിഷേധികളെയും, സൻമാർഗവിരോധികളെയും സംബന്ധിച്ചിടത്തോളം അവർ കഠിനഹൃദയൻമാ രാണ്. (أشداء على الكفار) ശൂരൻമാരും, വീരൻമാരുമാണ്. തമ്മതമ്മിലോ? അങ്ങേ യറ്റം കൃപയോടും കരുണയോടുംകൂടി പെരുമാറുന്ന ദയാശീലൻമാരുമത്രെ. (رحماء بينهم) അതെ, മറ്റൊരു സ്ഥലത്ത് അല്ലാഹു പറഞ്ഞതുപോലെ, സത്യവിശ്വാ സികളിൽ എളിയവരും, അവിശ്വാസികളിൽ ഗൗരവം നിറഞ്ഞവരും اذلة على المؤمنين اعزة على الكافرين–المائدة അവിശ്വാസികളെ കാണുമ്പോഴേക്കും നീതികേ ടോ, കയ്യേറ്റമോ ചെയ്യുമെന്ന് ഇതിനർത്ഥമില്ല. യുദ്ധവേളകളിലും, സന്ദർഭം ആവശ്യപ്പെടുമ്പോഴും ദൗർബല്യമോ, ഭീരുത്വമോ കൂടാതെ സധീരം സമർത്ഥ മായി നേരിടും എന്നുദ്ദേശ്യം. അപ്രകാരംതന്നെ, സത്യവിശ്വാസികളായ ആളുക ളിൽ എന്ത് അനീതികൾ കണ്ടാലും അവർക്ക് അറപ്പോ വെറുപ്പോ ഉണ്ടായിരിക്കു കയില്ല എന്നും ഇപ്പറഞ്ഞതിനർത്ഥമില്ല. നേരെമറിച്ച് അതിനെതിരിൽ പരുഷതയും ഗൗരവവും വെളിപ്പെടുകതന്നെ ചെയ്യും.

നബി തിരുമേനിﷺയുടെ രണ്ട് വചനങ്ങൾ ഇവിടെ സ്മരിക്കുന്നത് സമയോചിതമാകുന്നു:

1. സത്യവിശ്വാസികൾ അന്യോന്യം സ്നേഹിക്കുകയും, ദയ കാണിക്കുകയും, അനുഭാവം കാണിക്കുകയും ചെയ്യുന്നതിൽ അവരുടെ ഉപമ, ഒരു ശരീരംപോലെയായിരിക്കും- അഥവാ അങ്ങിനെ ആയിരിക്കണം. അതിന്റെ ഒരു അവയവത്തിന് അസുഖം നേരിട്ടാൽ ആ ശരീരത്തിന്റെ മറ്റെല്ലാ വശങ്ങളും ഉറക്കൊഴിച്ചും പനിപിടിച്ചും അതിനുവേണ്ടി മുറവിളി കൂടുന്നതാണ്. (ബു; മു.)

2. നിങ്ങളിൽ ആരെങ്കിലും വെറുക്കപ്പെട്ട- നിഷിദ്ധമായ- ഒരു കാര്യം കണ്ടാൽ, അവന്റെ കൈകൊണ്ട് അത് മാറ്റിക്കൊള്ളട്ടെ. അതിന് സാധിക്കാത്ത പക്ഷം അവന്റെ നാവുകൊണ്ട്, അതിനും സാധിക്കാത്തപക്ഷം അവന്റെ ഹൃദയം കൊണ്ട് (വെറുത്തുകൊള്ളട്ടെ). ഇപ്പറഞ്ഞത് വിശ്വാസത്തിൽവെച്ച് ഏറ്റവും ദുർബലമായതുമാകുന്നു. (മു.)

ജനങ്ങളോട് സ്വഹാബികളുടെ പെരുമാറ്റരീതിയാണ് മുകളിൽ പറഞ്ഞത്. എന്നാൽ, അല്ലാഹുവുമായി അവരുടെ നിലപാട് എന്താണ്? അല്ലാഹുവിന് ആരാധനാവണക്കങ്ങൾ ചെയ്യുന്നതിൽ നിരതൻമാരാണവർ, വിശേഷിച്ചും നമസ്കാരകർമത്തിൽ. അതുകൊണ്ട് നമസ്കാരത്തിലെ പ്രധാന ഘടകങ്ങളായ റുകൂഇലും, സുജൂദിലുമായി അവരെ കണ്ടുകൊണ്ടിരിക്കും.(تراهم ركعا سجدا) ഇതൊന്നും അവർ ഐഹികമായ എന്തെങ്കിലും കാര്യലാഭങ്ങളെ ഉദ്ദേശിച്ച് ചെയ്യുന്നതല്ല. നിഷ്കളങ്കരും, നിസ്വാർത്ഥരുമാണവർ. അല്ലാഹുവിന്റെ അനുഗ്രഹവും, അവന്റെ ദയാദാക്ഷിണ്യവും, പൊരുത്തവുമാണ് അവരുടെ ആവശ്യം. (يبتغون فضلا من الله ورضوانا) അതാണവരുടെ തേട്ടവും. അല്ലാഹുവിങ്കൽനിന്നുള്ള പൊരുത്തമാണല്ലോ എല്ലാ ലഭ്യങ്ങളിലും ഏറ്റവും വലുത്. (ورضوان من الله أكبر) ഇങ്ങനെയുള്ള ഈ പുണ്യവാൻമാരെ തിരിച്ചറിയുവാൻ വളരെയൊന്നും അന്വേഷണം നടത്തേണ്ടതായിട്ടില്ല. അവരെ തിരിച്ചറിയുവാനുള്ള വിശിഷ്ട ലക്ഷണവും, പ്രത്യേക അടയാളവും അവരുടെ മുഖങ്ങളിൽ തന്നെയുണ്ട്.(سيماهم في وجوههم) അല്ലാഹുവിന്റെ മുമ്പിൽ മുഖം കുത്തി സാഷ്ടാംഗ നമസ്കാരം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി സിദ്ധിച്ചതത്രെ അത് (من أثر السجود)

ഈ അടയാളംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്- നിസ്കാരത്തഴമ്പ് എന്ന പേരിൽ- ചിലരുടെ നെറ്റിയിൽ കാണപ്പെടാറുള്ള അടയാളമെന്നാണ് ചിലരൊക്കെ ധരിച്ചുവശായിട്ടുള്ളത്. ഈ ധാരണ ശരിയല്ലെന്ന് മാത്രമല്ല, പാമരജനങ്ങൾക്കിടയിൽ പല അന്ധവിശ്വാസങ്ങൾക്കും ആ ധാരണ കാരണമായിത്തീർന്നിട്ടുമുണ്ട്. ഈ അടയാളംകൊണ്ടുള്ള വിവക്ഷയെപ്പറ്റി പല മഹാൻമാരുടെയും അഭിപ്രായങ്ങൾ ഇമാം ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ രേഖപ്പെടു

ത്തിയിട്ടുണ്ട്. അതിൽനിന്ന് പലതും മനസ്സിലാക്കുവാനുള്ളതുകൊണ്ട് അതിവിടെ ചുരുക്കി ഉദ്ധരിക്കാം:

1) ഇബ്നു അബ്ബാസ് (റ) പറയുന്നു: നല്ല രീതിയാണത്. അഥവാ ആകർഷിക്കത്തക്ക മുഖഭാവം എന്നർത്ഥം.

2) മുജാഹിദും (റ) മറ്റു പലരും പറയുന്നു: അത് ഭക്തിയും വിനയവുമാണ്.

3) മുജാഹിദ് (റ)നോട് ഒരാൾ ഇങ്ങനെ പറഞ്ഞു: ഒരുപക്ഷേ, ഫിർഔനെക്കാൾ ഹൃദയം കടുത്തവനായ ഒരാളുടെ കണ്ണുകൾക്കിടയിലും അത്- നിസ്കാരത്തഴമ്പ്- ഉണ്ടായെന്നുവരാം.

4) സുദ്ദീ (റ) പറയുന്നത്, നമസ്കാരം അവരുടെ മുഖത്തിന് ഭംഗി കൂട്ടുമെന്നാണ്.

5) ചില മഹാൻമാർ പറയുന്നു: പുണ്യകർമം നിമിത്തം പകലിൽ അവന്റെ മുഖം സുന്ദരമാകുമെന്ന്.

6) വേറെ ചില മഹാൻമാർ പറയുന്നു: പുണ്യകർമം നിമിത്തം ഹൃദയത്തിൽ പ്രകാശവും, മുഖത്ത് ശോഭയും ഉപജീവനമാർഗത്തിൽ വിശാലതയും, ജനഹൃദയങ്ങളിൽ സ്നേഹവും ഉണ്ടാകുന്നു.

7) ഉഥ്മാൻ(റ) പറയുന്നു: ഏതൊരാളുംതന്നെ, ഒരു സ്വകാര്യസമ്പ്രദായം മറച്ചുവെച്ചാൽ, അവന്റെ മുഖത്തും, സംസാരത്തിലും അല്ലാഹു അത് വെളിവാക്കാതിരിക്കയില്ല.മനുഷ്യഹൃദയത്തിൽ മറഞ്ഞുകിടപ്പുള്ള രഹസ്യങ്ങളും, അവന്റെ സ്വഭാവവിശേഷതകളും അവന്റെ മുഖത്തിലൂടെ പ്രത്യക്ഷപ്പെടുമെന്നുള്ളതാണ് ഇതിലടങ്ങിയ തത്വം. ഒരു സത്യവിശ്വാസിയുടെ സ്വകാര്യജീവിതം നല്ലതാണെങ്കിൽ, അവന്റെ ബാഹ്യനിലയും അല്ലാഹു നന്നാക്കിത്തീർക്കുന്നതാണ്. (مختصر من ابن كثير)

രാത്രി നമസ്കരിക്കുന്നവരുടെ മുഖത്ത് അല്ലാഹു പ്രത്യക്ഷപ്പെടുത്തുന്ന ഭംഗിയാണ് ഇവിടെ അടയാളംകൊണ്ടുദ്ദേശ്യമെന്ന അഭിപ്രായം ഉദ്ധരിച്ചുകൊണ്ട് ഇമാംറാസീ (റ) പറയുന്നു: ഇത് ബുദ്ധിമാൻമാർക്ക് അറിയാവുന്ന ഒരു യഥാർത്ഥമാണ്. രണ്ട് മനുഷ്യൻമാർ രാത്രി ഉറക്കൊഴിക്കുന്നു: ഒരാൾ കുടിയിലും കളിയിലും ഏർപ്പെടുന്നു; മറ്റേവൻ, നമസ്കാരം, ക്വുർആൻപാരായണം, വിദ്യാസമ്പാ

ദനം എന്നിവയിലും ഏർപ്പെടുന്നു. പിറ്റേ ദിവസം രണ്ടുപേരുടെയും ഇടക്കുള്ള വ്യത്യാസം കാണാവുന്നതാണ്. (الرازي) സുജൂദിന്റെ ഫലമായുണ്ടായ അടയാളം എന്താണെന്ന് ഇതിൽനിന്നെല്ലാം നല്ലപോലെ മനസ്സിലാക്കാം. ഒരാൾ നമസ്കാരം അധികരിപ്പിക്കുന്നതിന്റെ ഫലമായി അയാൾക്ക് നമസ്കാരത്തഴമ്പുണ്ടായെന്ന് വരാം. പക്ഷേ- മുജാഹിദ് (റ) ചൂണ്ടിക്കാട്ടിയതുപോലെ- അതുകൊണ്ട് അയാൾ നല്ലവനെന്നോ അല്ലെന്നോ വേർതിരിക്കുവാൻ നിവൃത്തിയില്ല. ഹൃദയത്തിൽ വിശ്വാസമില്ലാത്തവന്റെ നാമമാത്രനമസ്കാരംകൊണ്ടും, ജനമദ്ധ്യെ പേരും പൗരോഹിത്യവും നേടുവാനുള്ള നമസ്കാരം കൊണ്ടും ഉണ്ടാകാമല്ലോ അത്.

സ്വഹാബികളെപ്പറ്റിയുള്ള ഇത്തരം പ്രശംസകൾ വിശുദ്ധ ഖുർആനിൽ മാത്രമല്ല അല്ലാഹു വിവരിച്ചിട്ടുള്ളത്. നബി തിരുമേനിﷺയുടെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനങ്ങളും, സന്തോഷവാർത്തകളും, മുൻവേദഗ്രന്ഥങ്ങളിലും പലതും ഉണ്ടായിരുന്നുവല്ലോ. അക്കൂട്ടത്തിൽ, അവിടുത്തെ അനുയായികളുടെ സ്വഭാവവും, ഗുണഗണങ്ങളും അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്.മേൽവിവരിച്ചത് തൗറാത്തിൽ അവരെപ്പറ്റി പ്രസ്താവിച്ച ഉപമയത്രെ. (ذلك مثلهم في التوراة) തൗറാത്തിൽ മാത്രമല്ല; ഇൻജീലിലും അവരുടെ ഉപമയുണ്ട്. (ومثلهم في الإنجيل) എന്നാൽ, ഇൻജീലിൽ അവരെ ഒരു വിളയോട് ഉപമിച്ചിരിക്കുകയാണ്. (كزرع) മുളയിൽതന്നെ കരുത്തോടെ കൂമ്പിട്ട് മുളക്കുകയും, ചിനച്ച് തടിച്ചു വളർന്ന് തഴച്ച് മുറ്റുകയും, തളരാതെ, വീഴാതെ, മുറ്റിനിൽക്കുകയും ചെയ്യുന്ന- കൃഷിക്കാർക്ക് ആശ്ചര്യവും കൗതുകവും ജനിപ്പിക്കുന്ന- കേമമായ ഒരു വിളക്ക് തുല്യമാണ് അവർ. (أخرج شطئه الى قوله يعجب الزراع) ഇതാണ് ഇൻജീലിലെ ഉപമ. ഇസ്‌ലാമാകുന്ന വിള നബിﷺആദ്യം ഭൂമിയിൽ ഇറക്കിയപ്പോൾ, ആരംഭത്തിൽ അതിനെ ആശ്ലേഷിച്ചത് ഒറ്റയും തറ്റയുമായ സ്വഹാബികളായിരുന്നു. പിന്നീട് അത് മുളച്ച് ചിനച്ച് വളർന്ന് വന്നു. അങ്ങനെ സമൃദ്ധമായ വിളവ് നൽകുകയും ചെയ്തു.

സാക്ഷാൽ തൗറാത്തോ ഇൻജീലോ ആകട്ടെ, അവയുടെ യഥാർത്ഥ പരിഭാഷയാകട്ടെ, എവിടെയും നിലവിലില്ല. പഴയ നിയമമെന്നും പുതിയ നിയമമെന്നും പറയപ്പെടുന്ന നിലവിലുള്ള തൗറാത്ത് ഇൻജീലുകളിൽ വളരെയധികം കൃത്രിമങ്ങൾ നടത്തപ്പെട്ടിട്ടുണ്ടെന്നും, നബി തിരുമേനി ﷺയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യേകിച്ച് മാറ്റത്തിരുത്തങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും പരക്കെ അറിയപ്പെട്ടതാണ്. എന്നിരിക്കെ, സ്വഹാബികളെ സംബന്ധിച്ച ഈ വിവരണവും ഉപമയും അവയിൽ കാണപ്പെടാതിരിക്കുക സ്വാഭാവികം മാത്രമാകുന്നു. എന്നിരുന്നാലും, പഴയ നിയമത്തിലും, പുതിയ നിയമത്തിലും അതിന്റെ ചില സൂചനകൾ ഇന്നും അവശേഷിക്കുന്നുണ്ട്താനും. വേദക്കാർ അന്യഥാ വ്യാഖ്യാനിച്ച് തൃപ്തിപ്പെടുകയാണ് ഇപ്പോൾ.

പഴയ നിയമത്തിൽ ഇങ്ങനെ കാണാം: ദൈവപുരുഷനായ മോശെ (മൂസാനബി) തന്റെ മരണത്തിന്മുമ്പെ യിസ്റായേൽ മക്കളെ അനുഗ്രഹിച്ച അനു

ഗ്രഹം ആവിത്: അവൻ പറഞ്ഞതെന്തെന്നാൽ: 'യഹോവ (ദൈവം) സീനായിൽ നിന്നുവന്നു, അവർക്ക് സേയീരിൽനിന്ന് ഉദിച്ചു, പാറാൻ പർവ്വതത്തിൽനിന്ന് വിളങ്ങി, ലക്ഷോപലക്ഷം വിശുദ്ധൻമാരുടെ അടുക്കൽനിന്നു വന്നു. അവർക്കുവേണ്ടി അഗ്നിനിയമമായൊരു പ്രമാണം അവന്റെ വലങ്കയ്യിൽ ഉണ്ടായിരുന്നു........... (ആവർത്തന പുസ്തകം: 33ൽ 1 – 3)' യഹോവ സീനായിൽനിന്ന് വന്നുവെന്ന് പറഞ്ഞത് ഈസാ നബി (അ)ക്ക് ഇൻജീൽ ലഭിച്ചതിനെയും സൂചിപ്പിക്കുന്നു. സേയീർ ഫലസ്തീനിൽ സ്ഥിതി ചെയ്യുന്ന മലകളാണ്. പാറാൻ പർവ്വതത്തിൽനിന്ന് വിളങ്ങി എന്ന് പറഞ്ഞത് നബി തിരുമേനി ﷺക്ക് ഖുർആൻ ലഭിച്ചതിനെ സൂചിപ്പിക്കുന്നു. ഹിജാസിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന പർവ്വതനിരകളാണ് പാറാൻ ലക്ഷോപലക്ഷം വിശുദ്ധൻമാർ നബി ﷺയുടെ അനുയായികളുമാകുന്നു. പുതിയ നിയമത്തിൽ ഇപ്രകാരം കാണാം: പിന്നെ അവൻ (യേശു) പറഞ്ഞത്: ദൈവരാജ്യം, ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ, അവൻ അറിയാതെ വിത്ത് മുളച്ച് വരുന്നതുപോലെയാകുന്നു. ഭൂമി സ്വയമായി മുമ്പെ ഞാറും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ മണിയും, ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ട് അവൻ ഉടനെ അരിവാൾ വെക്കുന്നു. പിന്നെ അവൻ പറഞ്ഞത്: ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏത് ഉപമയിൽ അതിനെ വർണിക്കേണ്ടു? അത് കടുകുമണിയോട് സദൃശ്യം. അതിനെ മണ്ണിൽ വിതക്കുമ്പോൾ ഭൂമിയിലെ എല്ലാത്തിലും ചെറുത്. എങ്കിലും വിതച്ചശേഷം വളർന്ന് സകല സസ്യങ്ങളിലും വലുതായിത്തീർന്നു. ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിപ്പാൻ തക്ക വണ്ണം വലുതായ കൊമ്പുകളെ വിടുന്നു. (മാർക്കോസ് 4: 26 – 32)

ഖുലാഫാഉർ– റാശിദീന്റെ കാലത്ത് നടന്ന ചരിത്രപ്രസിദ്ധമായ ശാം വിജയങ്ങൾ നടത്തിക്കൊണ്ടിരുന്ന സ്വഹാബികളെപ്പറ്റി അവിടെയുള്ള ക്രിസ്ത്യാനികൾ ഇപ്രകാരം പറഞ്ഞിരുന്നതായി ഇമാം മാലിക് (റ) നിവേദനം ചെയ്യുന്നു: അല്ലാഹുതന്നെ സത്യം! നമ്മുടെ അറിവിൽ പെട്ടിടത്തോളം ഇക്കൂട്ടർ ഹവാരിയ്യു (الحواريون) കളെക്കാൾ ഉത്തമൻമാരാകുന്നു.(ഈസാ നബിയുടെ അനുയായികളിൽ പ്രധാനികളായ ആളുകൾ (അപ്പോസ്തലൻമാർ)ക്കാണ് ഹവാരിയ്യുകൾ എന്ന് പറയപ്പെടുന്നത്.)

സ്വഹാബികൾക്ക് അല്ലാഹുവിങ്കലുള്ള ആദരണീയ സ്ഥാനം ഇതിൽനിന്നെല്ലാം നല്ലപോലെ മനസ്സിലാക്കാമല്ലോ. എന്തിനുവേണ്ടിയാണ് മുൻവേദഗ്രന്ഥങ്ങളിൽപോലും ഇവരെപ്പറ്റി ഇത്ര പുകഴ്ത്തിപ്പറഞ്ഞിരിക്കുന്നത്? ഇത്രയും വിശുദ്ധൻമാരായ നിലയിൽ ഇവരെ വളർത്തി വികസിപ്പിച്ചുകൊണ്ട് വന്നതിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹു തന്നെ അതിവിടെ വിവരിക്കുന്നു: അതെ, അല്ലാഹുവിലും, അവന്റെ തൗഹീദിലും വിശ്വസിക്കാത്തവരെ അരിശം കൊള്ളിക്കുവാനും, കുപിതരാക്കുവാനും തന്നെ. (ليغيظ بهم الكفار) വളരെ ശ്രദ്ധേയമായ ഒരു വാക്യമാണിത്. നബി തിരുമേനി ﷺയുടെ സഹാക്കളെ പഴിക്കുകയും ആക്ഷേപിച്ച് പറ

യുകയും ചെയ്യുന്ന റാഫിദ്വീ( الرافضة) കക്ഷിക്കാർ അതുമൂലം ഇസ്‌ലാമിൽനിന്ന് പുറത്തുപോകുമെന്നുപോലും ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ചില മഹാൻമാർ പ്രസ്താവിച്ചിരിക്കുന്നു. പുരോഗമനാശയത്തിന്റെ പേരിൽ, പല ഇസ്‌ലാമിക പാരമ്പര്യങ്ങളെയും നിഷേധിച്ചും പരിഹസിച്ചും വരുന്ന ചില ആധുനിക മുസ്‌ലിം പരിഷ്കാരികളും സ്വഹാബികളെ തരം താഴ്ത്തി പുച്ഛസ്വരത്തിൽ സംസാരിക്കുന്നത് കാണാം. അല്ലാഹുവിന്റെ ഈ വാക്യം അവരും ഓർത്തിരിക്കുന്നത് നന്നായിരിക്കും.

നബി ﷺ പറഞ്ഞിരിക്കുന്നു: 'നിങ്ങൾ എന്റെ സ്വഹാബികളെ പഴിക്കരുത്. എന്റെ ആത്മാവ് യാതൊരുവന്റെ കൈവശമാണോ അവൻ തന്നെ സത്യം! നിങ്ങളിലൊരാൾ ഉഹ്ദ് മലയാളം സ്വർണം ചിലവഴിച്ചാലും, അവരിലൊരാൾ ഒരു മുദ്ദോ(കൈകൊണ്ട് ഒരു വാരൽ) അതിന്റെ പകുതിയോ ചിലവഴിക്കുന്നതിന് അത് കിടയൊക്കുകയില്ല'. (മു.) മറ്റൊരു ഹദീഥിൽ നബിﷺ പറയുന്നു: 'ജനങ്ങളിൽവെച്ച് ഉത്തമൻമാർ, എന്റെ കാലക്കാരാണ്. പിന്നീട് അവരെ തുടർന്നുള്ളവരും, പിന്നീടവരെ തുടർന്നുള്ളവരും. പിന്നീട് ഒരു ജനതവരും: അവരിലൊരാളുടെ സാക്ഷ്യം അവന്റെ സത്യത്തെ മുൻകടക്കുകയും, അവന്റെ സത്യം അവന്റെ സാക്ഷ്യത്തെ മുൻകടക്കുകയും ചെയ്യും.'(ബു.) സത്യദീക്ഷയില്ലാതെ സത്യം ചെയ്യുവാനും, സാക്ഷ്യം നിർവ്വഹിക്കുവാനും മടിക്കുകയില്ല എന്ന് സാരം.

നബി തിരുമേനിﷺയോടൊപ്പം ഇടപഴകി സഹവസിക്കുകയും, വിവിധരംഗങ്ങളിൽ തിരുമേനിയൊന്നിച്ച് പങ്കെടുക്കുകയും, അവിടുത്തെ ശിക്ഷണങ്ങളും ഉപദേശങ്ങളും നേരിൽ ലഭിക്കാൻ ഭാഗ്യം സിദ്ധിക്കുകയും ചെയ്ത മഹാനുഭാവൻമാരെക്കാൾ ഭാഗ്യവാൻമാർ മറ്റാരാണ്?! ഇവരിൽ, ആദ്യമാദ്യം നബിﷺയിൽ വിശ്വസിക്കുകയും. ഇസ്‌ലാമിന് ശക്തിയും സ്വാധീനവും വർദ്ധിച്ച് വരുന്നതിനുമുമ്പ് അതിനുവേണ്ടി ത്യാഗവും സേവനവുമനുഷ്ഠിക്കുകയും ചെയ്തവരും, അല്ലാത്തവരും തമ്മിൽ പദവിയിൽ വ്യത്യാസമുണ്ടായിരിക്കും. അല്ലാഹു പറയുന്നു: لا يستوى منكم من انفق من قبل الفتح وقاتل اولئك اعظم درجة من الذين انفقوامن بعد وقاتلوا وكلا وعد الله الحسنى – الحديد)(സാരം: നിങ്ങളിൽ നിന്ന് വിജയത്തിന് മുമ്പ് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെക്കാൾ വമ്പിച്ച പദവിയുള്ളവരാണവർ. എല്ലാവർക്കും തന്നെ, അല്ലാഹു ഏറ്റവും നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. (സൂ: ഹദീദ് 10)

സ്വഹാബികളുടെ ഉത്തമഗുണങ്ങളും മാതൃകാഗുണങ്ങളും വിവരിച്ചശേഷം, അവർക്ക് പാപമോചനവും, മഹത്തായ പ്രതിഫലവും നൽകുമെന്ന് അല്ലാഹു വാഗ്ദാനവും ചെയ്തിരിക്കുന്നു. (وعد الله إلى قوله عظيما) മേൽ വിവരിച്ച വിശിഷ്ട ഗുണങ്ങളോട് കൂടിയവർ സത്യവിശ്വാസികളും സൽക്കർമികളുമായിരിക്കുമെന്നതിൽ സംശയമില്ല. അവരുടെ വിശ്വാസകർമങ്ങൾ തന്നെയാണല്ലോ ആ ഗുണങ്ങൾക്ക് നിദാനവും. എന്നിരിക്കെ,وعد الله الذين آمنوا وعملوا الصالحات منهم (അവരിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു

വാഗ്ദാനം ചെയ്തു) എന്ന വാക്യത്തിൽനിന്ന് അവരിൽ സത്യവിശ്വാസികളും, സൽക്കർമികളും അല്ലാത്തവരും ഉണ്ടെന്ന് ഊഹിച്ചുകൂടാത്തതാണ്. അവരെ ഇത്രയും ഉൽകൃഷ്ടൻമാരാക്കിത്തീർത്ത ആ വിശ്വാസകർമങ്ങൾക്ക് നൽകപ്പെടുന്ന പ്രതിഫലം, മറ്റുള്ളവർക്ക് ലഭിക്കുന്നതിനെക്കാൾ കൂടുതൽ മഹത്തരമായിരിക്കും എന്നത്രെ അതിന്റെ താൽപര്യം, പരിതസ്ഥിതി, മുതലായ ചുറ്റുപാടുകൾക്കനുസരിച്ചായിരിക്കും ഉണ്ടാവുക. പുണ്യകർമങ്ങൾക്ക് പത്ത് മുതൽ എഴുന്നൂറുവരെ– അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അതിലധികവും– ഇരട്ടി പ്രതിഫലം നൽകപ്പെടുമെന്ന് പറഞ്ഞിരിക്കുന്നത് അതുകൊണ്ടാകുന്നു. നബി ﷺ യോടൊപ്പം സഹവസിക്കുവാനും, അവിടുത്തെ ശിക്ഷണങ്ങൾ ലഭിക്കുവാനുമുള്ള ഭാഗ്യം സ്വഹാബികൾക്കല്ലാതെ മറ്റാർക്കും ലഭിച്ചിട്ടില്ലല്ലോ. മറ്റുള്ളവർ ഒരു മലയോളം ചിലവഴിച്ചാലും അവരുടെ ഒരു മുദ്ദിന് കിടയൊക്കുകയില്ല എന്ന് നബി ﷺ പ്രസ്താവിച്ചതിന്റെ രഹസ്യവും അതത്രെ. എന്നാൽ, സത്യവിശ്വാസവും, സൽക്കർമങ്ങളുമാണ് എല്ലാവിധ ഉന്നത സ്ഥാനങ്ങൾക്കും നിദാനം, അതില്ലെങ്കിൽ മറ്റുള്ള ഗുണഗണങ്ങളൊന്നും– സ്വഹാബികളിലാകട്ടെ, അല്ലാത്തവരിലാകട്ടെ– പരിഗണിക്കപ്പെടുന്നതല്ല എന്നുള്ള തത്വവും ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. والله أعلم

സ്വഹാബികളെപ്പറ്റി അല്ലാഹു ഇങ്ങനെ പ്രശംസിച്ച് പറഞ്ഞിരിക്കെ, ഓരോരുത്തരും എല്ലാ വിധ പാപങ്ങളിൽ നിന്നും പരിശുദ്ധരായിരിക്കുമെന്ന് വിധി കൽപിക്കുവാൻ നിവൃത്തിയില്ല. എല്ലാ പാപങ്ങളിൽനിന്നും പരിശുദ്ധരായവർ പ്രവാചകൻമാർ മാത്രമാകുന്നു. മനുഷ്യസഹജമായ ചില തെറ്റുകുറ്റങ്ങളും, പാകപ്പിഴവുകളും അവരിലും ഉണ്ടാകാം. ചിലരിൽ നിന്ന് ചിലതെല്ലാം സംഭവിച്ചിട്ടുമുണ്ട്. പക്ഷേ, അഭിപ്രായങ്ങളിലോ, വ്യാഖ്യാനങ്ങളിലോ വന്ന വ്യത്യസ്ത വീക്ഷണഗതികളായിരുന്നു അവയ്ക്ക് മിക്കവാറും കാരണമെന്ന് പരിശോധിച്ചാൽ കാണുവാൻ കഴിയും. അഥവാ തന്നിഷ്ടം, ഭൗതികനേട്ടം, വിശ്വാസക്കുറവ് ആദിയായവയിൽ നിന്ന് ഉടലെടുത്ത പാപകൃത്യങ്ങൾ നബി ﷺ യുമായി സഹവസിച്ച് പോന്ന സ്വഹാബികളിൽ കാണപ്പെടുവാൻ പ്രയാസമാണ്. അതേസമയത്ത്, ഏതൊരു അബദ്ധത്തിലകപ്പെട്ടാലും ശരി, അത് തെറ്റാണെന്ന് ബോധ്യം വന്നാൽ– അല്ലെങ്കിൽ അത് തെറ്റാണെന്ന് കാണിക്കുന്ന ഒരു ക്വുർആൻ വചനമോ, നബിചര്യയോ ശ്രദ്ധയിൽപെട്ടാൽ– പിന്നീടവിടെ തർക്കത്തിനും ന്യായവാദത്തിനും അവർ ഒരുമ്പെടുകയില്ല. തൽക്ഷണം അതിൽനിന്ന് ഒഴിഞ്ഞുമാറി പശ്ചാത്തപിക്കുക തന്നെ ചെയ്യും. ഇത് സ്വഹാബികളിൽ പൊതുവെ കാണപ്പെടുന്ന ഒരു അത്യുത്തമ മാതൃകയാകുന്നു. رضي الله عنهم

وصدق الله وصدق رسوله وبلغ ونحن على ذلك من الشاهدين

اللهم لك الحمد ولك المنة والفضل